*362/ADMC 2 /2017/കെ.എസ്.ഇ.കെ.എം*  24/01/2017

**വിജ്ഞാപനം**

വിഷയം:- ***കുടുംബശ്രീ - കൊച്ചി മെട്രോ - വിവിധ സേവനങ്ങൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം- അപേക്ഷ - ക്ഷണിക്കുന്നത് - സംബന്ധിച്ച്.***

കൊച്ചി മെട്രോയിൽ കുടുംബശ്രീ ഏറ്റെടുത്ത വിവിധ സേവന മേഖലകളിലെ തസ്തികകളിലേയ്ക്ക് എറണാകുളം ജില്ലയിലെ അർഹരായ സ്ത്രീകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

താല്പര്യമുള്ളവർ ***അനുബന്ധം 1*** ആയിചേർത്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ബയോ ഡാറ്റ, പ്രായം, യോഗ്യത, പ്രവൃത്തി പരിചയം മുതലായവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം അപേക്ഷിക്കേണ്ടതാണ്.

അപേക്ഷിക്കേണ്ട വിലാസം - ***ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, സിവിൽ സ്റ്റേഷൻ, കാക്കനാട്, കൊച്ചി - 682030. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2017 ഫെബ്രുവരി 10 വൈകുന്നേരം 4 മണി.*** അപൂർണ്ണങ്ങളായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

2017 ജനുവരി 1 അടിസ്ഥാനമാക്കിയാണ് കൂടിയ പ്രായ പരിധി നിർണ്ണയിക്കുന്നത്. അഭിരുചി പരിശോധന/ വൈദഗ്ദ്ധ്യ പരിശോധന/ ആരോഗ്യ ക്ഷമതാ പരിശോധന/ അഭിമുഖം/ കായിക ക്ഷമത എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

ഓരോ തസ്തികകൾക്കും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതില്ല. അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കുന്ന തസ്തികകൾ മുൻഗണനാ ക്രമത്തിൽ രേഖപ്പെടുത്തിയാൽ മതിയാകും. *ഒരു കുടുംബത്തിൽ നിന്നും ഒരാൾക്കു മാത്രമേ ജോലി ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളു.*

## I. യോഗ്യത:-

1. 31/12/2016-ന് കുറഞ്ഞത് ***6 മാസമെങ്കിലും*** കുടുംബശ്രീയിൽ അംഗമായ കുടുംബത്തിൽ നിന്നുള്ളവർ.

2. തസ്തിക അനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത ***അനുബന്ധം-1*** ആയി ചേർത്തിട്ടുണ്ട്.

## II. മുൻഗണന:-

1. മെട്രോ റെയിൽ നിർമ്മാണവുമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബാംഗം
2. ആശ്രയ കുടുംബത്തിലെ അംഗം
3. യോഗ്യരായ ഭിന്നലിംഗക്കാർ
4. അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീ
5. സ്ഥിരം ജീവനോപാധിയില്ലാതെ ഭക്ഷണത്തിന് വക കണ്ടെത്താൻ മറ്റാരുമില്ലാത്ത കുടുംബാംഗം.
6. ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർ/ കിടപ്പ് രോഗികൾ/ അന്ധർ/ തുടങ്ങിയവർ അംഗങ്ങളായിട്ടുള്ളതോ വിധവ കുടുംബനാഥയായിട്ടുള്ളതോ ആയ നിർദ്ധന കുടുംബത്തിലെ അംഗം.
7. നിർദ്ധനരായ പട്ടിക ജാതി/പട്ടിക വർഗ്ഗ, മത്സ്യബന്ധ തൊഴിലാളികൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ട കുടുംബത്തിലെ അംഗം.
8. കുടുംബശ്രീ മുഖേന ലഭ്യമായ നൈപുണ്യ പരിശീലന പരിപാടിയിൽ പരിശീലനം ലഭിച്ചവർ

## III. അനർഹർ

1. പുരുഷന്മാർ
2. എറണാകുളം ജില്ലയിൽ സ്ഥിരതാമസമല്ലാത്തവർ
3. കുറ്റകൃത്യങ്ങളിൽപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ
4. ശാരീരിക ക്ഷമതയില്ലാത്തവർ (കായികക്ഷമത ആവശ്യമായ തസ്തികകളിൽ മാത്രം)

വിഭാഗം, തസ്തിക, പ്രായം, യോഗ്യത എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ***അനുബന്ധം-2*** ആയി ചേർത്തിരിക്കുന്നു.

കൂടുതൽ വിവരങ്ങൾ കുടുംബശ്രീ വെബ് സൈറ്റിലും (www.kudumbashree.org), എറണാകുളം ജില്ലയിലെ എല്ലാ കുടുംബശ്രീ സി ഡി എസ് ഓഫീസുകളിലും, കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിലും ലഭ്യമാണ്. (ഫോൺ നം. 0484-2426982)

**മറ്റു നിബന്ധനകൾ:-**

1. ദിവസ വേതനാടിസ്ഥാനത്തിൽ ആയിരിക്കും നിയമനം
2. മെട്രോയും കുടുംബശ്രീയുമായുള്ള കരാർ കാലാവധിവരെ ബന്ധപ്പെട്ട കരാറിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും നിയമനം.

3. രാത്രി ഉൾപ്പെടെ 8 മണിക്കൂറുള്ള 3 ഷിഫ്റ്റുകളിൽ ഏതെങ്കിലും ഒരു ഷിഫ്റ്റിൽ, റൊട്ടേഷൻ അടിസ്ഥാനത്തിൽ ഒരു മാസത്തിൽ 26 ദിവസം ജോലി ചെയ്യാൻ സന്നദ്ധയായിരിക്കണം.
4. സമയ ക്ലിപ്തത, അച്ചടക്കം, മാന്യമായ പെരുമാറ്റം, സത്യസന്ധത, ജോലിയിലെ ഗുണമേന്മ എന്നിവയ്ക്ക് പ്രധാന്യം നൽകുന്നു. അതിനാൽ, വസ്തുവകകൾക്ക് കേടുപാട് വരുത്തുകയോ, ജോലി കൃത്യമായി ചെയ്യാത്തതിനാൽ, സേവനത്തിൽ വീഴ്ചവരുത്തുകയോ, സ്ഥാപനങ്ങൾക്ക് സാമ്പത്തിക നഷ്ടം വരുത്തുകയോ, സമയനിഷ്ട പാലിക്കാതിരിക്കുകയോ, ജോലിയിൽ ഗുണമേന്മ കാണിക്കാതിരിക്കുകയോ ചെയ്യുന്നവർക്ക് ശമ്പളത്തിൽ കുറവ് വരുത്തുന്നതും ആവർത്തിച്ചാൽ സേവനം അവസാനിപ്പിക്കുന്നതായിരിക്കും.
5. ദിവസ വേതനത്തിന് പുറമെ പിഎഫ്/ഇഎസ്ഐ തുടങ്ങിയ ആനുകൂല്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കാലാകാലങ്ങളിൽ കുടുംബശ്രീ മിഷൻ നിശ്ചയിച്ചിരിക്കുന്ന ദിവസവേതനം അടുത്ത മാസം ഒരുമിച്ച് നൽകുന്നതാണ്.
6. ജോലിയ്ക്ക് പ്രവേശിക്കുമ്പോൾ, കുടുംബശ്രീയുമായി കരാറിൽ ഏർപ്പെടേണ്ടതും, കുടുംബശ്രീ നിശ്ചയിക്കുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി നൽകേണ്ടതുമാണ്.
7. തിരഞ്ഞെടുക്കപ്പെടുന്നവർ, ***മാർച്ച് 1-നകം*** ജോലിയിൽ പ്രവേശിക്കാൻ സന്നദ്ധരാകേണ്ടതും, ഈ തീയതിക്കു മുമ്പ് പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
8. തിരഞ്ഞെടുക്കപ്പെടുന്നവർ ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ സന്നദ്ധമാവേണ്ടതാണ്. തുടർന്ന് വിലയിരുത്തലിന്റേയും മൂല്യനിർണയത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും കരാർ ദീർഘിപ്പിച്ചു നൽകുന്നത്.

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**
**കുടുംബശ്രീ**

**To**

1. എല്ലാ പ്രമുഖ പത്രങ്ങളിലും (എറണാകുളം സർക്കിൾ)
2. കുടുംബശ്രീ വെബ് സൈറ്റ്
3. ജില്ലാ മിഷൻ നോട്ടീസ് ബോർഡ്
4. സിഡിഎസ് നോട്ടീസ് ബോർഡ്

പകർപ്പ്

കരുതൽ/അധികം

*അനുബന്ധം-1*

**കൊച്ചി മെട്രോയിൽകുടുംബശ്രീഏറ്റെടുത്തവിവിധ സേവന മേഖലകളിലെ തസ്തികകളിലേക്കുള്ള അപേക്ഷ**

I. വ്യക്തിഗത വിവരങ്ങൾ

1. പേര് :
2. പൂർണ്ണമായ മേൽവിലാസം :

3. ഫോൺ നമ്പർ :
4. വയസ്സ്, ജനനത്തീയതി :
5. സ്ത്രീ/ഭിന്നലിംഗം :
6. മതം/ജാതി :
7. വിദ്യാഭ്യാസയോഗ്യത :
8. പ്രവൃത്തി പരിചയം : ........ വർഷം ..... മേഖല/സ്ഥാപനം

9. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :
10. ഏതു കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമായ കുടുംബം :
11. വിവാഹിത എങ്കിൽ ഭർത്താവിന്റെ പേര് :
12. എങ്കിൽ ഭർത്താവിന്റെ തൊഴിൽ :

II. മുൻഗണന

13. അർഹമായത്✓ചെയ്യുക (*ഒന്നിലധികം ഉണ്ടെങ്കിൽ ആയത് രേഖപ്പെടുത്താം*)
    (a) മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട കുടുംബം : അതെ/അല്ല
    (b) ആശ്രയ കുടുംബത്തിലെ അംഗം : അതെ/അല്ല
    (c) ഭിന്നലിംഗക്കാർ : അതെ/അല്ല
    (d) അതിക്രമങ്ങൾക്കിരയായ സ്ത്രീ : അതെ/അല്ല

(e) സ്ഥിരം ജീവനോപാധിയില്ലാതെ ഭക്ഷണത്തിന് വക കണ്ടെത്തുവാൻ മറ്റാരുമില്ലാത്ത കുടുംബം : അതെ/അല്ല

(f) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അംഗങ്ങളുള്ള നിർദ്ധന കുടുംബം : അതെ/അല്ല

(g) പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യബന്ധന തൊഴിലാളി കുടുംബം : അതെ/അല്ല

(h) കുടുംബശ്രീ മുഖേന നൈപുണ്യ പരിശീലനം ലഭിച്ചവർ : അതെ/അല്ല

(i) അതെ എങ്കിൽ മേഖല :

III. അപേക്ഷിക്കുന്ന തസ്തികകൾ

തസ്തികയുടെ പേര് :

1.
2.
3.
4.
5.
6.

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ എല്ലാ വസ്തുതകളും എന്റെ അറിവിലും ബോദ്ധ്യത്തിലും പൂർണ്ണമായും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : അപേക്ഷകയുടെ പേര് :

ഒപ്പ്

## സാക്ഷ്യപത്രം

അപേക്ഷക/ അപേക്ഷകയുടെ കുടുംബത്തിലെ ഒരു അംഗം 2016 ഡിസംബർ 31 ന് മുമ്പ് കുറഞ്ഞത് 6 മാസം കുടുംബശ്രീയിൽ അംഗമാണെന്ന് അയൽക്കൂട്ടത്തിൽ നിന്നും /എഡിഎസ്സിൽ നിന്നും ലഭ്യമായിട്ടുള്ള രേഖ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നു.

സി ഡി എസ്ചെയർപേഴ്സൺ

ഒപ്പ് :

(ഓഫീസ് സീൽ) പേര് :

സീൽ:

സ്ഥലം :

തീയതി :

**അനുബന്ധം – 2**

| ക്രമ നം. | വിഭാഗം | തസ്തിക | പ്രായം | യോഗ്യത |
|---|---|---|---|---|
| 1 | ഹൗസ്കീപ്പിങ്ങ് | ടീം ലീഡർ | 21 – 45 | ഡിഗ്രി പാസ്സായിരിക്കണം<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| | | സൂപ്പർവൈസർ | 21 – 45 | 10–ാം ക്ലാസ്സ് പാസ്സാകണം |
| | | ക്ലീനർ | 21 – 50 | 8–ാം ക്ലാസ്സ് പാസ്സാകണം |
| 2 | ഗാർഡനിങ്ങ്/ഹോർട്ടികൾച്ചർ | ഗാർഡനർ | 21 – 50 | ഗാർഡനിങ്ങിൽ 3 വർഷത്തെ പരിചയം |
| | | ഹെൽപ്പർ (ഗാർഡനർ) | 21 – 50 | ഗാർഡനിങ്ങ്ഹെൽപ്പറായി ഒരു വർഷത്തെ പരിചയം |
| 3 | ടിക്കറ്റിങ്ങ് | സി.എഫ് ടീം ലീഡർ | 21 – 35 | ഡിഗ്രി പാസ്സായിരിക്കണം<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| | | ടി.ഒ.എം/ഇ.എഫ്.ഒ ഓപ്പറേറ്റർ | 21 – 35 | 12–ാം ക്ലാസ്സ് പാസ്സാകണം<br>കമ്പ്യൂട്ടർ പരിജ്ഞാനം<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| | | കാൾസെന്റർ | 21 – 35 | 12–ാം ക്ലാസ്സ് പാസ്സാകണം<br>കമ്പ്യൂട്ടർ പരിജ്ഞാനം<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| 4 | കസ്റ്റമർ ഫെസിലിറ്റേഷൻ | കസ്റ്റമർ ഫെസിലിറ്റേഷൻ സ്റ്റാഫ് | 21 – 35 | 12–ാം ക്ലാസ്സ് പാസ്സാകണം<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| | | സർവ്വേ | 21 – 35 | 12–ാം ക്ലാസ്സ് പാസ്സാകണം<br>കമ്പ്യൂട്ടർ പരിജ്ഞാനം<br>ഭാഷാനൈപുണ്യം, ഇംഗ്ലീഷിലും മലയാളത്തിലും |
| | | ജനറൽസ്റ്റാഫ് | 21 – 50 | 8–ാം ക്ലാസ്സ് പാസ്സാകണം |
| 5 | പാർക്കിങ്ങ് | ടീം ലീഡർ | 21 – 45 | 12–ാം ക്ലാസ്സ് പാസ്സാകണം<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| | | പാർക്കിങ്ങ് സൂപ്പർവൈസർ | 21 – 45 | 10–ാം ക്ലാസ്സ് പാസ്സാകണം<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| | | പാർക്കിങ്ങ് സ്റ്റാഫ് | 21 – 50 | 8–ാം ക്ലാസ്സ് പാസ്സാകണം |
| 6 | കാന്റീൻ | കാന്റീൻ സൂപ്പർവൈസർ | 21 – 45 | കാറ്ററിങ്ങിൽ ഡിഗ്രി/ഡിപ്ലോമ<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| | | സർവ്വീസ്സ്റ്റാഫ് | 21 – 45 | 12–ാം ക്ലാസ്സ് പാസ്സാകണം<br>മലയാളവുംഇംഗ്ലീഷുംസംസാരിക്കുവാനുള്ള കഴിവ് |
| | | കിച്ചൺ സ്റ്റാഫ് | 21 – 50 | 8–ാം ക്ലാസ്സ് പാസ്സാകണം<br>പാചക പരിചയം |
| | | ക്ലീനിങ്ങ് സ്റ്റാഫ് | 21 – 50 | 8–ാം ക്ലാസ്സ് പാസ്സാകണം |